# കേരളസർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - പാലക്കാട് നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ ജോലി നോക്കി വരവെ മരണമടഞ്ഞ കുമാരന്റെ ഭാര്യ ശ്രീമതി. രാജി. ആർ ന് മുനിസിപ്പൽ കോമൺ സർവ്വീസിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്

**സ.ഉ(എം.എസ്)നം.** 228/2017/**ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം** 27/11/2017

പരാമർശം:-1) 24/05/1999 തിയതിയിലെ സ.ഉ(പി)നം.12/99/ഉ.പ.ഭ.വ.

2) 30.11.2015 തിയതിയിലെ ശ്രീമതി. രാജി. ആർ സമർപ്പിച്ച അപേക്ഷ..

3) നഗരകാര്യ ഡയറക്ടറുടെ 13.01.2017 തിയതിയിലെ ഇ 4/20328/2016 നം കത്ത്.

4) പാലക്കാട് ജില്ലാ കളക്ടറുടെ 11/10/2017 തിയതിയിലെ എ 3-2017/10835/9 നം. കത്ത്.

## ഉത്തരവ്

സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നല്കുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പാലക്കാട് നഗരസഭയിൽ സാനിട്ടേഷൻ വർക്കർ ആയിരിക്കവെ 20.03.2014 ൽ മരണമടഞ്ഞ കുമാരന്റെ ഭാര്യ ശ്രീമതി. രാജി. ആർ 30.11.2015-ൽ അപേക്ഷ സമർപ്പിച്ചു. 20.03.2014 ൽ മരണമടഞ്ഞ കുമാരന് 5 വർഷത്തെ സർവ്വീസ് ഉണ്ടായിരുന്നു. പരേതന്റെ ജനനത്തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 16.05.1966, 06.02.2009 ആണ്. മുകളിൽ മൂന്നാമതായി വായിച്ച കത്തു പ്രകാരം നഗരകാര്യ ഡയറക്ടറും നാലാമതായി വായിച്ച കത്തു പ്രകാരം പാലക്കാട് ജില്ലാ കളക്ടറും അപേക്ഷകന് ജോലി നല്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

2. 22.10.1967 ൽ ജനിച്ച അപേക്ഷക 2-ാം ക്ലാസ് വരെ പഠിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകയും പാലക്കാട് ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 36000/- രൂപയാണെന്ന് പാലക്കാട് 2 വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ പാലക്കാട് നഗരസഭയിൽ സാനിട്ടേഷൻ വർക്കർ ആയി ജോലി നോക്കി വരവെ മരണമടഞ്ഞ കുമാരന്റെ ഭാര്യ ശ്രീമതി. രാജി. ആർ ന് മുനിസിപ്പൽ കോമൺ സർവ്വീസിൽ പാലക്കാട് നഗരസഭയിലോ പാലക്കാട് ജില്ലയിലെ മറ്റേതെങ്കിലും നഗരസഭയിലോ സാനിട്ടറി വർക്കർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ നിയമനം ഇപ്രകാരമുള്ള നിയമനം നല്കുന്നതിന് നീക്കി വച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായിരിക്കും.

4. മേൽ പറഞ്ഞ അപേക്ഷകയ്ക്ക് , ടിയാളുടെ ഊഴം വരുന്ന മുറയ്ക്കും ഒഴിവിന്റെ ലഭ്യതയനുസരിച്ച് ബന്ധപ്പെട്ട നഗരസഭ സെക്രട്ടറി/നഗരകാര്യ ഡയറക്ടർ ടിയാന് എത്രയും വേഗം നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കേറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിന് ലഭ്യമാക്കേണ്ടതാണ്.

5. അപേക്ഷക വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നല്കിയിരുന്നുവെന്ന് ഉത്തരവ് പുറപ്പെടുവിച്ച ശേഷം എപ്പോഴെങ്കിലും വെളിവാകുന്ന പക്ഷം നിയമനത്തിന് അനുമതി നല്കിക്കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

പകർപ്പ്:

ശ്രീമതി. രാജി.ആർ, മധുരവീരൻ കോളനി, കുന്നംപുറം, കൽപ്പാത്തി.പി.ഒ, പാലക്കാട് (രജിസ്റ്റേർഡ് പോസ്റ്റ്)
നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം.
സെക്രട്ടറി , പാലക്കാട് നഗരസഭ(ചെയർമാൻ/ചെയർ പേഴ്സൺ മുഖേന)
ജില്ലാ കളക്ടർ , പാലക്കാട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ